**രജിസ്റ്റേർഡ് (എഡി സഹിതം)**

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വഞ്ചിയൂർ പിഒ, തിരുവനന്തപുരം പിൻ– **695035**

ഫോൺ: **0471 2302490** ഫാക്സ്: **0471 2303025 / 2303080**

ഇമെയിൽ: **dhskerala.hlth@kerala.gov.in** വെബ്സൈറ്റ്: **www.dhs.kerala.gov.in**

---

**DHS/30694/2025-EA4** തീയതി. **06-01-2026**

**കാരണം കാണിക്കൽ നോട്ടീസ്**

വിഷയം: ആരോഗ്യവകുപ്പ്-ഡോ മിനി ജോസഫ്, അസിസ്റ്റന്റ് സർജൻ / കാഷ്വാൽറ്റി മെഡിക്കൽ ഓഫീസർ- അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് - തുടർ നടപടി സ്വീകരിക്കുന്നത് – സംബന്ധിച്ച്.

പരാമർശം: 1. ഡോ മിനി ജോസഫ് സമർപ്പിച്ച അപേക്ഷ തീയതി **17.12.2024**

2. ഉത്തരവ് നം ഇഎ3-**1967/2022**/ആവഡ തീയതി **07.01.2023**

ഡോ മിനി ജോസഫ് **(Dr Mini Joseph)** എന്ന താങ്കൾ പത്തനംതിട്ട ചെറുകോൽ കുടുംബാരോഗ്യ കേന്ദ്രത്തിൽ അസ്റ്റന്റ് സർജൻ തസ്തികയിൽ സേവനത്തിൽ പ്രവേശിക്കുകയും **09.01.2023** മുതൽ പഠനാവശ്യത്തിനുള്ള ശൂന്യവേതനാവധിയിൽ പ്രവേശിക്കുകയും ചെയ്തു. കോഴ്സ് അവസാനിച്ചതായും തിരികെ സേവനത്തിൽ പ്രവേശിപ്പിക്കണമെന്നും **17.12.2024** തീയതി രേഖപ്പെടുത്തി പരാമർശം **(1)** പ്രകാരം അപേക്ഷ സമർപ്പിച്ചു. ദീർഘിപ്പിച്ച കാലയളവ് ഉൾപ്പെടെ **03.08.2025** ന് കോഴ്സ് അവസാനിച്ചതായും **12.11.2025** മുതൽ **19.11.2025** വരെ തിയറി പരീക്ഷയ്ക്കും **08.12.2025** ന് പ്രാക്ടിക്കൽ പരീക്ഷയ്ക്കും പങ്കെടുത്തതായും താങ്കൾ സമർപ്പിച്ച കോഴ്സ് സർട്ടിഫിക്കറ്റിൽ പരാമർശിച്ചിരിക്കുന്നു. കോഴ്സ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള കോഴ്സ് കാലയളവിലേയ്ക്കു മാത്രമേ പഠനാവശ്യത്തിനുള്ള ശൂന്യവേതനാവധി അനുവദിക്കുന്നതിന് നിർവ്വാഹമുള്ളൂ. കോഴ്സ് അവസാനിച്ച മുറയ്ക്ക് **04.08.2025** ന് സേവനത്തിൽ പ്രവേശിപ്പിക്കുന്നതിന് മുൻകൂറായി അപേക്ഷ സമർപ്പിക്കാതെ താങ്കൾ സേവനത്തിൽ നിന്നും വിട്ടു നിൽക്കുകയാണുണ്ടായത്. **09.01.2023** പൂർവാഹ്നം സേവനത്തിൽ പ്രവേശിച്ച താങ്കൾ പ്രൊബേഷണർ ആണ്.

പ്രൊബേഷൻ കാലാവധിയ്ക്കുള്ളിൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിനാൽ താങ്കളുടെ വർക്ക് ആന്റ് കോണ്ടക്ട് തൃപ്തികരമായി കാണക്കാക്കുന്നതിന് കഴിയുകയില്ല ആയതിനാൽ പരാമർശം (2) പ്രകാരമുള്ള അപേക്ഷ തൃപ്തികരമായി കണക്കാകുന്നതിന് കഴിയുകയില്ല. ആയതിനാൽ 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ പാർട്ട് II റൂൾ 19 (a) (ii) പ്രകാരം താങ്കളുടെ പ്രൊബേഷൻ അവസാനിപ്പിക്കുന്നതിനും സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനും താത്കാലികമായി തീരുമാനിക്കുന്നു.

(2) ടി സാഹചര്യത്തിൽ മേൽ ഖണ്ഡിക പ്രകാരമുള്ള താത്കാലിക തീരുമാനത്തിനെതിരായി താങ്കൾക്ക് എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് നോട്ടീസ് ലഭിച്ച് 15 (പതിനഞ്ച്) ദിവസത്തിനകം രേഖാമൂലം ബോധിപ്പിക്കേണ്ടതാണ്. ടി വിഷയത്തിൽ താങ്കളെ നേരിട്ട് കേൾക്കണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ ആയത് നോട്ടീസിനുള്ള മറുപടിയിൽ വ്യക്തമാക്കിയിരിക്കേണ്ടതാണ്. തൽസംബന്ധമായ വിശദീകരണം ടി കാലയളവിനുള്ളിൽ ലഭ്യമാക്കാത്തപക്ഷം താങ്കൾക്ക് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കുവാനില്ലെന്ന നിഗമനത്തിൽ താങ്കളുടെ പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള താത്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

Signed by
Reena K J
Date: 06-01-2026 16:06:41

**Dr REENA K J**

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്,

**Dr Mini Joseph,**

**Kaiplavil, Kurumbanmoozhy, Pathanamthitta,**

**Chathanthara- 686510**

(രണ്ടു പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു. ഒരു പകർപ്പ് താങ്കളുടെ തീയതിയോടു കൂടിയ ഒപ്പ് രേഖപ്പെടുത്തി തിരികെ ലഭ്യമാക്കേണ്ടതാണ്)

പകർപ്പ്,

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,
തിരുവനന്തപുരം.
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),
പത്തനംതിട്ട.

3. മെഡിക്കൽ ഓഫീസർ ഇൻ ചാർജ്ജ്,

കുടുംബാരോഗ്യ കേന്ദ്രം ചെറുകോൾ, പത്തനംതിട്ട

(ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)

4. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്

5. ഫയൽ